**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289** **10-10-2024 - ൽ മറുപടിയ്ക്ക്**

**പറക്കുന്നം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന പറക്കുന്നം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; | (എ) | ആലത്തൂർ പറക്കുന്നം പാലത്തിന് 10/07/2017 തീയതിയിലെ G.O.(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ പദ്ധതിരേഖ സാമ്പത്തിക അനുമതിയ്ക്കായി 7/2/2020-ൽ കിഫ്ബിയിൽ സമർപ്പിച്ചു. തുടർന്ന് കിഫ്ബിയിൽ നിന്ന് 18/10/2023 തീയതിയിൽ 14.53 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. ഇതിൽ Land Acquisition – നു വേണ്ടിയുള്ള 1.5 കോടി രൂപ കൂടി ഉൾപ്പെടുന്നു. തുടർനടപടിയായി 1264.108 Sq.m സ്ഥലത്തിന്റെ ഏറ്റെടുപ്പ് നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി ഉത്തരവ് ലഭിക്കുന്നതിനുള്ള അപേക്ഷ നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നതിനുള്ള സാങ്കേതിക തടസ്സം എന്തെന്ന് പറയാമോ; നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | ഭൂമിയേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. റവന്യൂ വിഭാഗത്തിൽ നിന്നും സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി പാലം പ്രവൃത്തി ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സ്ഥലമേറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി നിർണയിച്ച് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പാലത്തിന്റെ അലൈൻമെന്റ് അംഗീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ